(ബി) എങ്കിൽ എന്നാണ് കാട്ടേഷൻ ക്ഷണിച്ചിരുന്നത്; എത്ര പേർ കാട്ടേഷൻ നൽകിയിരുന്നു;

(സി) കുറഞ്ഞ നിരക്ക് കാട്ടു ചെയ്ത കാട്ടേഷൻ നൽകിയിരുന്ന ആളിന് പ്രസ്തുത വർക്ക് നൽകിയില്ല എന്നതു സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) 24-11-1995-ന്, കാട്ടേഷൻ ക്ഷണിച്ചിരുന്നു. 11 പേർ കാട്ടേഷൻ നൽകിയിരുന്നു.

(സി) ഉണ്ട്.

(ഡി) പരാതിയിലെ ആരോപണങ്ങളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബോർഡിലെ ഒരു വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൈക്കൂലി വാങ്ങിയത് സംബന്ധിച്ച അന്വേഷണം

61 [2029] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ വാൽപ്പാറ പട്ടയക്കുടി ഐ.എച്ച്.ഡി.പി. കോളനിയിൽ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് എടുക്കാൻ പോയ വണ്ണപ്പുറം ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻ ആദിവാസികളിൽനിന്നും കൈക്കൂലി വാങ്ങിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

ശ്രദ്ധയിൽപെട്ടിട്ടില്ല.

വടക്കുംപുറം ഇലക്ട്രിക്കൽ സെക്ഷൻ കെട്ടിടം പണിയുന്നതിന് നടപടി

62 [2030] ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ നിയോജകമണ്ഡലത്തിലെ ചേന്ദമംഗലം പഞ്ചായത്തിലെ വടക്കുംപുറം ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; പ്രസ്തുത പണി നടത്തുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആഫീസിന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിയുമോ; എങ്കിൽ എന്ന് ആരംഭിക്കും എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൈദ്യുത ബോർഡ് എവിടെയെല്ലാം പുതിയ കെട്ടിടങ്ങൾ സെക്ഷൻ ആഫീസുകൾക്കായി പണി കഴിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പറവൂർ നിയോജകമണ്ഡലത്തിലെ ചേന്ദമംഗലം പഞ്ചായത്തിലെ വടക്കുംപുറം ഇലക്ട്രിക്കൽ ആഫീസിനു സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത ആഫീസിന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിയില്ല.

(സി) 1. അടൂർ (ഡിവിഷൻ ഓഫീസും മേജർ സെക്ഷനും)
2. പറവൂർ (ഇലക്ട്രിക്കൽ മേജർ സെക്ഷൻ)
3. നെടുമങ്ങാട് (ഡിവിഷൻ ഓഫീസ്)
4. അങ്കമാലി (ഇലക്ട്രിക്കൽ മേജർ സെക്ഷൻ)
5. ചാത്തന്നൂർ (ഡിവിഷൻ ഓഫീസ്)
6. കരുനാഗപ്പള്ളി (ഇലക്ട്രിക്കൽ ഡിവിഷൻ മേജർ സെക്ഷൻ)
7. ആലത്തൂർ (ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്)
8. അരീക്കോട് (ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്)
9. മുട്ടുങ്ങൽ (ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്)
10. വൈത്തിരി (ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്)

## വൈദ്യുതീകരണത്തിനു മെറ്റീരിയൽസ് അനുവദിക്കുന്നതിനു നടപടി

63 [2037] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിലെ മേൽമുറി ചുങ്കം പ്രദേശത്തെ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനാവശ്യമായ മെറ്റീരിയൽസ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മെറ്റീരിയൽസ് അടിയന്തിരമായി അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മലപ്പുറം നിയോജകമണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിലെ മേൽമുറി ചുങ്കം പ്രദേശം വൈദ്യുതീകരിക്കുന്നതിനു 3·25 കി.മീ. 11 കെ. വി. ലൈനു, 3·65 കി. മി. എൽ. റ്റി. ത്രീഫെയ്സ് ലൈനും ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമറും അടങ്ങിയ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഈ പണി പൂർത്തീകരിക്കുന്നതിനു 1·12 കി.മീ.എ.എ. സി 7/3·1 കണ്ടക്ടറും 4 കി.മീ.എ.എ.സി. 7/2·21 കണ്ടക്ടറും വേണം. ഇത്രയും കണ്ടക്ടറുകൾ ഒന്നിച്ചു ലഭ്യമാക്കുന്നതിനു ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതിനാവശ്യമായ കണ്ടക്ടറുകൾ കഴിവതും വേഗം നൽകുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly